©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021-2023)

### ഒന്നാമത് റിപ്പോർട്ട്

**[വിനോദസഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

**[വിനോദസഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

(2022 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

302/2022.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം 1 | : | 19 |
| അനുബന്ധം 2 | : | 21 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021 - 2023)

**ഘടന**

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ വികസനത്തിൽ വിനോദസഞ്ചാര വകുപ്പിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ധനാഭ്യർത്ഥന XLII-മേജർഹെഡ് 3452, 5452, 7452 എന്നിവയുടെ കീഴിലുള്ള വിനോദസഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് സമിതി വിശദമായ പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ ഭാഗമായി വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും വിവിധ യോഗങ്ങളിൽ ഈ വിഷയം പരിഗണിക്കുകയും 30-12-2021-ൽ വിനോദസഞ്ചാരം, മത്സ്യബന്ധന തുറമുഖം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും വിശദമായ തെളിവെടുപ്പു നടത്തുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് മാസം 14-ാം തീയതി ചേർന്ന സമിതിയോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 മാർച്ച് 17.

# റിപ്പോർട്ട്

ചരിത്രാരംഭകാലം മുതൽ മനുഷ്യൻ യാത്രാ കുതുകിയാണ്. ആദിമ മനുഷ്യൻ ഭക്ഷണവും പാർപ്പിടവും തേടിയാണ് യാത്ര ചെയ്തിരുന്നതെങ്കിൽ, ആധുനിക മനുഷ്യൻ ദൈനംദിന ജീവിതത്തിലെ വിരസതയിൽ നിന്നും പിരിമുറുക്കത്തിൽ നിന്നും മാറി നവോന്മേഷവും വിനോദവും വിജ്ഞാനവും ആർജ്ജിക്കുവാനും മാനസികോല്ലാസത്തിനും വേണ്ടിയാണ് വിനോദ യാത്ര ചെയ്യുന്നത്. ഓരോ ദേശവും ഓരോ സംസ്കാരമാണ്. അവിടുത്തെ മനുഷ്യർ, അവരുടെ ജീവിതങ്ങൾ, രുചിഭേദങ്ങൾ, പ്രാദേശിക വിളകൾ, പ്രകൃതി ഭംഗി, പക്ഷി മൃഗാദികൾ എന്നിവ അറിയാൻ യാത്രകൾ നമ്മെ സഹായിക്കുന്നു. യാത്രകളിലൂടെ പ്രപഞ്ചത്തെ നമുക്ക് തൊട്ടറിയാൻ സാധിക്കുന്നു.

2. വിനോദസഞ്ചാരം നിരവധി മനുഷ്യർക്ക് ഉപജീവനമാർഗ്ഗമാകുമ്പോൾ സമ്പദ് വ്യവസ്ഥയ്ക്ക് അത് ഒരു കരുത്തായി മാറുന്നു. രാജ്യങ്ങളുടെ വികസന അജണ്ടയിൽ വിനോദസഞ്ചാരത്തിന് പ്രാധാന്യം നല്കി ഉൾപ്പെടുത്താൻ പ്രേരിപ്പിക്കുന്ന നിർണ്ണായക ഘടകങ്ങൾ തൊഴിൽ, വരുമാനം, വിദേശനാണ്യം, പ്രാദേശിക വികസനം എന്നീ മേഖലകളിൽ വിനോദ സഞ്ചാരത്തിനുള്ള സാമ്പത്തിക പ്രാധാന്യമാണ്.

3. ലോകത്തിലെ ഏറ്റവും മികച്ച പത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പർവ്വതങ്ങൾ, വനങ്ങൾ, ചരിത്രം, സംസ്കാരം, മെഡിക്കൽ ടൂറിസം, കടലോര വിനോദ സഞ്ചാരം, സാഹസിക വിനോദ സഞ്ചാരം, ആദ്ധ്യാത്മിക ടൂറിസം എന്നിവയാൽ സമ്പന്നമാണ് ഇന്ത്യ. ലോകത്തെ മറ്റേതൊരു വിനോദ സഞ്ചാര കേന്ദ്രങ്ങളേക്കാളും വൈവിധ്യമാർന്ന കാഴ്ചകളാണ് നമ്മുടെ രാജ്യത്തുള്ളത്. നമ്മുടെ സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികളുടെ സംതൃപ്തവും സന്തോഷകരവുമായ അനുഭവങ്ങൾ വീണ്ടും കേരളത്തിലേയ്ക്ക് വരുന്നതിന് അവരെ പ്രേരിപ്പിക്കുമെന്നു മാത്രമല്ല, അവർ നല്കുന്ന സന്ദേശങ്ങൾ പുതിയ സഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. പ്രകൃതിദത്തവും പൈതൃകമായി ലഭിച്ചിട്ടുള്ളതുമായ ഘടകങ്ങളുടെ പ്രയോജനം നിലനിർത്തുന്നതിന് ഗതാഗത, സാമൂഹിക, പാരിസ്ഥിതിക, സഹകരണ, സുരക്ഷിതത്വ സൗകര്യങ്ങൾ നാം പ്രദാനം ചെയ്യേണ്ടതുണ്ട്. നല്ല റോഡുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ, തുറമുഖങ്ങൾ, വൈദ്യുതി വിതരണം, ശുദ്ധജലം, ശുചിത്വം, സുഖകരമായ താമസം, യാത്രാ മാധ്യമങ്ങൾ, എന്നിങ്ങനെ നിരവധി അനുബന്ധ ഘടകങ്ങൾ നല്ല നിലവാരത്തിൽ സജ്ജമാക്കേണ്ടതുണ്ട്. 'അതിഥി ദേവോ ഭവ' എന്ന ഉദാത്ത സങ്കല്പം ആതിഥേയന് നല്കുന്ന ഉത്തരവാദിത്തം അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ട്, പൊതു സമൂഹവും ഭരണ സംവിധാനവും ഒരേ സമയം സേവന ദാതാവിന്റേയും ഉപഭോക്താവിന്റെയും കർത്തവ്യം നിർവ്വഹിക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ നമ്മുടെ സമ്പദ് വ്യവസ്ഥയിൽ വലിയ പങ്ക് വഹിക്കുന്ന വ്യവസായമെന്ന നിലയിൽ വിനോദ സഞ്ചാരമേഖലയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

4. ഇന്ത്യയിൽ ആദ്യമായി വിനോദ സഞ്ചാരത്തെ വ്യവസായമായി അംഗീകരിച്ച സംസ്ഥാനമാണ് കേരളം. 'ദൈവത്തിന്റെ സ്വന്തം നാടായ ' കേരളം വിനോദ സഞ്ചാരികളുടെ പറുദീസയാണ്. മലകളും പുഴകളും കായലുകളും കടലോരങ്ങളും വെള്ളച്ചാട്ടങ്ങളും വന്യമൃഗസങ്കേതങ്ങളും സാംസ്കാരിക പൈതൃകങ്ങളായ കോട്ടകളും കൊട്ടാരങ്ങളും സ്മാരകങ്ങളും ആരാധനാലയങ്ങളും കൊണ്ട് സമ്പന്നമായതിനാൽ ആഗോള വിനോദ സഞ്ചാര ഭൂപടത്തിലെ പ്രമുഖ ഇടമാണ് നമ്മുടെ സംസ്ഥാനം. പ്രകൃതിദത്തമായ സമ്പത്തും സാംസ്കാരിക പൈതൃകവും വിനോദ സഞ്ചാരത്തിന്റെ മൂലധനമാണ്. പ്രകൃതിയോടിണങ്ങി പ്രകൃതിയിലേയ്ക്ക് മടങ്ങാനാണ് ആധുനിക വിനോദ സഞ്ചാരിയ്ക്ക് താല്പര്യം. അതിനാൽ പ്രകൃതി, സമൂഹം, സംസ്കാരം എന്നിവയിലൂടെയുള്ള അനുഭവങ്ങൾ പകർന്നു നല്കുന്ന വിനോദ സഞ്ചാര പരിപാടികളും തന്ത്രങ്ങളുമാണ് ആവിഷ്കരിക്കേണ്ടത്.

5. ഈ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പരിശോധനയുടെ ഭാഗമായി വകുപ്പിനെ സംബന്ധിച്ച് പൊതുവായ പഠനം നടത്തുവാൻ സമിതി തീരുമാനിച്ചു. സമിതിയുടെ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ചോദ്യാവലി തയ്യാറാക്കി മറുപടി ലഭ്യമാക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനായി 30-12-2021-ൽ വിനോദസഞ്ചാരം, പരിസ്ഥിതി, മത്സ്യബന്ധനതുറമുഖം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെയും വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

6. വിനോദസഞ്ചാര വകുപ്പിന് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ താഴെപ്പറയും പ്രകാരമാണ്.

| | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| അനുവദിച്ച തുക (ലക്ഷത്തിൽ) | 37,900.00 | 39,237.00 | 36,823.91 |
| ചെലവഴിച്ച തുക (ലക്ഷത്തിൽ) | 22,956.11 | 19,145.81 | 33,071.98 |

(വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.)

7. വകുപ്പിന്റെ കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് വിഹിത വിനിയോഗം പരിശോധിച്ചതിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ

ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ ഏകദേശം പകുതി തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു. പ്രളയം, കോവിഡ് മഹാമാരി എന്നിവ മൂലം വിനോദസഞ്ചാര മേഖല ഏതാണ്ട് സ്തംഭനാവസ്ഥയിലായിരുന്നതാണ് ഇതിന്റെ കാരണമെന്നും സമിതി നിരീക്ഷിക്കുന്നു. എന്നാൽ കോവിഡ് കാലഘട്ടമായിരുന്നെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ നല്ലൊരു ശതമാനം ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണ്. വരും വർഷങ്ങളിലും വിവിധ ഇനങ്ങളിലായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും അതേ ആവശ്യത്തിനുതന്നെ ചെലവഴിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും മൂലധന നിക്ഷേപത്തിന്റെ കുറവും ഈ രംഗത്തെ പ്രധാന വെല്ലുവിളികളാണെന്ന് സമിതി കരുതുന്നു. മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ പോലും ശരിയായി പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. വിനോദസഞ്ചാര മേഖലയുടെ വളർച്ച സാധ്യമാകുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ പ്രാധാന്യം നൽകേണ്ടതുണ്ട്. ആയതിനാൽ **പുതിയ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പ്രാരംഭത്തിൽ മുതൽമുടക്ക് കൂടിയാലും ദീർഘകാലാടിസ്ഥാനത്തിൽ അവ വിഭാവനം ചെയ്യണമെന്നും അടിസ്ഥാന സൗകര്യവികസനത്തിന് പ്രാധാന്യം നൽകണമെന്നും ഭൂഗർഭജലം നിലനിർത്തൽ, കുടിവെള്ള സംരക്ഷണം, മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

9. നമ്മുടെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ടൂറിസം ഹബ്ബുകളുമായി മാറേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. **പ്രധാന ടൂറിസം കേന്ദ്രങ്ങൾ ടൂറിസം ഹബ്ബുകളായി വികസിപ്പിക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും ആവശ്യമായ തുക അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

10. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഗ്രീൻ കാർപെറ്റ് പദ്ധതി'. 77 ലോകരാജ്യങ്ങൾ അംഗങ്ങളായി ഡെന്മാർക്കിലെ കോപ്പൻഹേഗൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ എൻവയറോൺമെന്റൽ എഡ്യൂക്കേഷൻ (F.E.E) മുന്നോട്ട് വച്ചിട്ടുള്ള 30 മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള 'ബ്ലൂ ഫ്ലാഗ് സെർട്ടിഫൈഡ് ബീച്ച് ' എന്ന ആഗോള അംഗീകാരം ലഭ്യമായ കേരളത്തിലെ ആദ്യ ബീച്ചും ഇന്ത്യയിലെ എട്ടാമത്തേതും ആണ് കോഴിക്കോട് കാപ്പാട് ബീച്ച് എന്ന് സമിതി മനസ്സിലാക്കുന്നു. ലോകത്തെ വിരലിലെണ്ണാവുന്ന ബീച്ചുകൾക്കു മാത്രമാണ് ഈ അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും 'ഗ്രീൻ കാർപെറ്റ് പദ്ധതി' മുഖേന ഉണ്ടായ അഭിമാനകരമായ നേട്ടമാണിതെന്നും സമിതി വിലയിരുത്തുന്നു.

11. 'ഗ്രീൻ കാർപെറ്റ് പദ്ധതി' വഴി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 4.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയെന്നും വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ പുനഃചംക്രമണം നടത്തുന്നതിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Master Control Facility) ലേക്ക് എത്തിച്ച് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നും പ്രസ്തുത പദ്ധതിയുടെ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ എല്ലാ ജില്ലയിലും പൂർത്തിയായി വരുന്നുവെന്നും വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. 2021-22 സാമ്പത്തിക വർഷത്തോടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **വിനോദസഞ്ചാര മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ജില്ലകളിലെയും മാലിന്യ സംസ്കരണ യൂണിറ്റുകൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

12. വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നാണ് ശുചിമുറികൾ. മിക്ക വിനോദസഞ്ചാരകേന്ദ്രങ്ങളിലെയും ശുചിമുറികൾ വൃത്തിയില്ലായ്മയോ ജലലഭ്യതയില്ലായ്മയോ മൂലം ഉപയോഗശൂന്യമായ അവസ്ഥയിലാണെന്നതും മതിയായ എണ്ണം ശുചിമുറികൾ ഇല്ല എന്നതും വസ്തുതയാണ്. സ്ത്രീകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് ഇത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ വൃത്തിയുള്ളതും ഉപയോഗയോഗ്യവുമായ ശുചിമുറികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

13. കോവളം, കൊച്ചി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇറാം സയന്റിഫിക് സൊല്യൂഷൻസ് എന്ന ഏജൻസി മുഖേന പ്രകൃതി സൗഹൃദ ഇ-ടോയ്‌ലറ്റ് സ്ഥാപിച്ച് പരിപാലിക്കുന്നതായും പ്രസ്തുത ഇ-ടോയ്‌ലറ്റുകളിൽ പ്രവേശനം, ഉപയോഗത്തിന് മുൻപും പിൻപുമുള്ള വൃത്തിയാക്കൽ, പുറമെ നിന്നുള്ളവർക്കുള്ള അറിയിപ്പ് തുടങ്ങിയവ സെൻസറുകൾ മുഖേന നിയന്ത്രിക്കുന്ന തരത്തിലാണെന്നും ഇതുമൂലം ടോയ്‌ലറ്റുകൾ എപ്പോഴും ശുചിയായും ദുർഗന്ധ രഹിതമായും നിലനിൽക്കുമെന്നും വിനോദസഞ്ചാര വകുപ്പ് സമിതിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. **എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും അവിടെ എത്തിച്ചേരുന്ന സഞ്ചാരികളുടെ എണ്ണത്തിനാനുപാതികമായി ആധുനിക സൗകര്യങ്ങളോടു കൂടിയ മതിയായ എണ്ണം ശുചിമുറികൾ നിർമ്മിക്കണമെന്നും അവ സ്ത്രീ-ട്രാൻസ്ജെന്റർ-ഭിന്നശേഷി സൗഹൃദമാണെന്നും വൃത്തിയുള്ളതും ഉപയോഗയോഗ്യവും ജലലഭ്യതയുള്ളവയും ആണെന്നും ഉറപ്പു വരുത്തണമെന്നും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ ടൂറിസം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

14. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉറപ്പാക്കേണ്ട പ്രധാന അടിസ്ഥാന സൗകര്യങ്ങളിലൊന്നാണ് കുടിവെള്ളം. എന്നാൽ മിക്ക വിനോദസഞ്ചാരകേന്ദ്രങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. സഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ തന്നെ പ്രതിലോമ വ്യതിവ്യാപനം (Reverse osmosis)

എന്ന സാങ്കേതികവിദ്യയിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുദ്ദേശിച്ച് ഗ്രീൻ കാർപെറ്റ് പദ്ധതിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കനകക്കുന്നിലും കോഴിക്കോട് സരോവരം ബയോപാർക്കിലും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതായും പ്രസ്തുത കിയോസ്കുകളുടെ പ്രയോജനം വിലയിരുത്തിയ ശേഷം എല്ലാ ജില്ലകളിലെയും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണെന്നും വകുപ്പ് സമിതിയെ അറിയിച്ചിരുന്നു. പ്രാഥമിക ആവശ്യം എന്ന നിലയിൽ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി സ്ഥാപിച്ച വാട്ടർ കിയോസ്കുകളുടെ പ്രയോജനം വിലയിരുത്തി, മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടി ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

15. വിനോദ സഞ്ചാര രംഗത്ത് പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതി (Responsible Tourism) കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഇന്ത്യയിൽ ഈ ആശയത്തിന്റെ പ്രസക്തി മനസ്സിലാക്കി അത് പ്രാവർത്തികമാക്കിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം.

16. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2018-19 | 2019-2020 | 2020-21 |
|---|---|---|---|
| അനുവദിച്ച തുക (ലക്ഷത്തിൽ) | 495.00 | 495.00 | 400.00 |
| ചെലവഴിച്ച തുക (ലക്ഷത്തിൽ) | 400.00 | 0.00 | 396.55 |

ഉത്തരവാദിത്ത ടൂറിസത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ 495 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും യാതൊന്നും ചെലവഴിച്ചിട്ടില്ലെന്നു കാണാം. എന്നാൽ 2020-21-ൽ അനുവദിച്ച തുക ഏതാണ്ട് പൂർണ്ണമായിത്തന്നെ ചെലവഴിച്ചിട്ടുണ്ട്.

17. പാരിസ്ഥിതികമോ സാമൂഹികമോ ആയ മാറ്റങ്ങൾ വരുത്താതെ സഞ്ചാരികൾക്കും പ്രാദേശിക സമൂഹത്തിനും പ്രയോജനകരമാംവിധം വിനോദസഞ്ചാര പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുവാൻ ഉത്തരവാദിത്ത ടൂറിസം പദ്ധതി സഹായകരമായിട്ടുണ്ടെന്ന വസ്തുത എടുത്തുപറയേണ്ടതാണ്. നമ്മുടെ കൃഷിരീതികൾ, കലാരൂപങ്ങൾ, ആഘോഷങ്ങൾ, കുലത്തൊഴിലുകൾ, കരകൗശല വിദ്യകൾ, രുചിഭേദങ്ങൾ തുടങ്ങി സമസ്ത മേഖലകളെയും മനസ്സിലാക്കുവാൻ ഉത്തരവാദിത്ത ടൂറിസത്തിലൂടെ സഞ്ചാരികൾക്ക് സാധിക്കുന്നു. വീട്ടമ്മമാർക്കും ഗ്രാമീണ മേഖലയിലുള്ളവർക്കും പാർശ്വവത്കരിക്കപ്പെട്ടുപോയ

കുലത്തൊഴിലുകൾ ചെയ്യുന്നവർക്കും ഈ പദ്ധതി തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്നു. **ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിലൂടെ ആ പ്രദേശത്തിന്റെ വികസനം സാധ്യമാകുമെന്നതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിനോദസഞ്ചാരം സാധ്യമായ എല്ലാ പ്രദേശങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചതാണ് 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) പദ്ധതി. ഒരു പ്രദേശത്തെ ടൂറിസം സാധ്യതകൾ കണ്ടെത്തി സമഗ്ര വികസനപദ്ധതി തയ്യാറാക്കിയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളെ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളായി ഉയർത്തിക്കൊണ്ടു വരുന്ന ഈ പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്. 'പെപ്പർ' പദ്ധതിയിലൂടെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ പ്രദേശമാണ് വൈക്കം എന്ന് സമിതി മനസ്സിലാക്കുന്നു. 'പെപ്പർ' ടൂറിസം പദ്ധതി ടൂറിസം വികസനത്തിന് ഉൽപ്രേരകമായി പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ പ്രദേശങ്ങളെ ഉൾക്കൊള്ളിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് വിനോദസഞ്ചാര വികസനത്തിന് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു.

19. ഇക്കോടൂറിസത്തിന് ഏറെ പ്രാധാന്യമുള്ള കേരളത്തിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രധാനമായും വനമേഖലകളും പരിസ്ഥിതിലോല പ്രദേശങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഇത്തരം പ്രദേശങ്ങളിലേക്കുള്ള അനിയന്ത്രിത ജനപ്രവാഹവും അശാസ്ത്രീയ നിർമ്മാണങ്ങളും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ഇക്കോടൂറിസം കേന്ദ്രങ്ങളുടെ വാഹകശേഷി സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിനായി KFRI/FGTB എന്നീ സ്ഥാപനങ്ങളെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. **ഇക്കോടൂറിസം കേന്ദ്രങ്ങളിലെ വാഹകശേഷി പഠനത്തിനായി വനം വകുപ്പിലെ ഇക്കോവികസന വിഭാഗത്തിന് കൈമാറിയ ഫണ്ട് പൂർണ്ണമായും ചെലവഴിച്ച് സമയബന്ധിതമായി വാഹകശേഷി പഠനം പൂർത്തിയാക്കണമെന്നും പരിസ്ഥിതിലോല പ്രദേശങ്ങളിൽ വാഹകശേഷിക്കനുസൃതമായി മാത്രം വിനോദസഞ്ചാരികളെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

20. പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത വ്യവസായം എന്ന നിലയിൽ പ്രസിദ്ധമാണ് വിനോദ സഞ്ചാരം. എന്നാൽ വികസനത്തിന്റെ ഭാഗമായി പല പ്രദേശങ്ങളുടെയും തനത് ഭംഗി നശിപ്പിക്കുന്ന വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നത്

ഖേദകരമായ സ്ഥിതിവിശേഷമാണ്. പ്രകൃതിഭംഗി ആസ്വദിക്കുവാനാണ് സഞ്ചാരികൾ നമ്മുടെ നാട്ടിലെത്തുന്നതെന്നിരിക്കെ, പ്രകൃതിയെ നശിപ്പിച്ചുകൊണ്ട് വിനോദ സഞ്ചാരത്തിന്റെ പേരിൽ കൂറ്റൻ കെട്ടിടങ്ങൾ കൊണ്ട് നാട് നിറയ്ക്കുന്നത് അനുചിതമാണെന്ന് സമിതി വിലയിരുത്തുന്നു. അതാത് പ്രദേശങ്ങളിലെ പരിസ്ഥിതിയും കാലാവസ്ഥയും സംരക്ഷിച്ചുകൊണ്ട് പ്രകൃതിയോടിണങ്ങി നിൽക്കുന്ന ഭൗതിക സാഹചര്യം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. **നാടിന്റെ തനത് ഭംഗി നിലനിർത്തിയെങ്കിൽ മാത്രമേ വിനോദസഞ്ചാര മേഖലയിലെ നമ്മുടെ ഉന്നതസ്ഥാനം അതേപടി നിലനിർത്താനാകൂ എന്നതിനാൽ വിനോദസഞ്ചാര മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ശാസ്ത്രീയവും പ്രകൃതിസൗഹൃദവും ആയിരിക്കുന്നതിനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21. നൂറ്റാണ്ടുകൾ പഴക്കമുള്ള ഗോത്രദൈവപ്പുരകൾ ചരിത്രപരമായും ആചാരാനുഷ്ഠാനങ്ങളുടെ പ്രത്യേകത കൊണ്ടും വേറിട്ടു നിൽക്കുന്നു. പഴക്കം നിർണയിക്കാൻ സാധിക്കാത്ത വിധം ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത **ദൈവപ്പുരകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ദൈവപ്പുരകളുടെ നിർമ്മാണ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങളിലൊന്നാണ് പൊന്മുടി. ഇവിടെ സഞ്ചാരികൾക്കുള്ള താമസസൗകര്യം വളരെ പരിമിതമാണെന്നും പ്രധാന താമസകേന്ദ്രമായ സർക്കാർ ഗസ്റ്റ് ഹൗസിന്റെ നവീകരണം പൂർത്തീകരിച്ചിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. പൊന്മുടിയിൽ ഗസ്റ്റ്ഹൗസ് നിർമ്മാണത്തിനായി വിനോദസഞ്ചാര വകുപ്പിൽ നിന്നും മുഴുവൻ തുകയും (₹4,01,29,869) പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് 2017 മാർച്ചിൽ കൈമാറിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. 2017 മാർച്ചിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും കരാറുകാരനുമായുള്ള തർക്കത്തിൽ ഒന്നര വർഷം നിർമ്മാണ പ്രവൃത്തി നടക്കാതിരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. 2017-ൽ മുഴുവൻ തുകയും അനുവദിച്ചിട്ടും നാളിതുവരെ ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. **പൊൻമുടി ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

23. മുൻകാലങ്ങളിൽ വിനോദസഞ്ചാരത്തിനായി സംസ്ഥാനത്തെത്തുന്നവരിൽ ഭൂരിഭാഗവും വിദേശികളോ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരോ ആയിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയിട്ടുണ്ട്. സാധാരണ ജനങ്ങൾ പോലും ഇടവേളകൾ വിനോദസഞ്ചാരത്തിനായി ചെലവഴിക്കുന്നു. ആഭ്യന്തര സഞ്ചാരികളിൽ ഭൂരിഭാഗവും ഒരു ദിവസത്തെ യാത്രകളാണ് തെരഞ്ഞെടുക്കാറുള്ളത്. ഇതിനായി ഗതാഗതം സുഗമമാകുന്ന നല്ല റോഡുകൾ

അനപേക്ഷണീയമാണ്. ആഭ്യന്തര വിനോദസഞ്ചാരികൾക്ക് യാത്ര സൗകര്യപ്രദ മാക്കുന്നതിനും യാത്രാച്ചെലവ് കുറയ്ക്കുന്നതിനും ഒറ്റപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നത് ഈ മേഖലയ്ക്ക് വളരെയധികം ഗുണകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്കുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. തൃശ്ശൂർ ജില്ലയിലെ മലക്കപ്പാറ ടൂറിസം കേന്ദ്രത്തിലേക്ക് ജംഗിൾ സവാരി എന്ന പേരിൽ യാത്രാസൗകര്യം ഒരുക്കിയിട്ടുള്ളതായും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. പത്തനംതിട്ട ജില്ലയിലെ ഗവിയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തിവരുന്നുണ്ട്. മുസിരിസ് പൈതൃക പദ്ധതിയിലെ വിവിധ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോട്ടപ്പുറം മുതൽ പറവൂർ വരെ ബോട്ട് സർവ്വീസുകളും ചാലക്കുടി ഡിപ്പോയിൽ നിന്നും മുസിരിസ് പദ്ധതിയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസും ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ വർക്കല പോലെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ KTDC യുടെ ആഭിമുഖ്യത്തിൽ KSRTC ബസുകൾ ഉപയോഗിച്ച് 'Food on Wheels' എന്ന പേരിൽ ഭക്ഷണശാലകൾ ആരംഭിച്ചിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. സാധാരണക്കാരായ ജനവിഭാഗങ്ങൾക്ക് വിനോദസഞ്ചാരത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ ചെലവിൽ യാത്രകൾ ചെയ്യുന്നതിനും ഇത് സഹായകമാകുമെന്നതുപോലെ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. യ്ക്കും ഇത്തരം സർവ്വീസുകൾ ഗുണകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ ഒറ്റപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും മറ്റ് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

25. കാരവാൻ ടൂറിസത്തിന് ലോകത്താകമാനം ഇന്ന് ഏറെ പ്രചാരമുണ്ട്. നമ്മുടെ നാട്ടിൽ കാരവാൻ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തിലൂന്നിക്കൊണ്ട് സ്വകാര്യമേഖലയുടെ സഹായത്തോടെ കാരവാൻ ടൂറിസം പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. സുഗമമായ യാത്രയും സുഖകരമായ താമസവും സാധ്യമാകുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ കാരവാനുകൾ നമ്മുടെ വിനോദസഞ്ചാരത്തിന് മുതൽക്കൂട്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ കാരവാൻ ടൂറിസം ആരംഭിക്കുമ്പോൾ സഞ്ചാരികളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകേണ്ടതും വിനോദസഞ്ചാരത്തിന്റെ മറവിൽ കുറ്റകൃത്യങ്ങളും അനാശാസ്യ പ്രവർത്തനങ്ങളും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. **രാത്രികാലങ്ങളിൽ സഞ്ചാരികൾ കാരവാനുകളിൽ തന്നെ തങ്ങുന്നതിനാൽ അവർക്ക് മതിയായ**

**സംരക്ഷണം ഉറപ്പുവരുത്തുന്നതിനും കാരവാൻ പാർക്കുകളിലേക്ക് അന്യരുടെ കടന്നുകയറ്റം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കാരവാനുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

26. ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള മറ്റൊരു വിനോദസഞ്ചാര മേഖലയാണ് സാഹസികടൂറിസം. കേരളത്തിലും സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ്. പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമാണ്. 2017-ലെ സംസ്ഥാനത്തിന്റെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

27. വിനോദ സഞ്ചാര വകുപ്പിന്റെ ഇടപെടലുകളും സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും സാഹസിക ടൂറിസം മേഖലയെ പുതിയ മാനങ്ങളിലേക്ക് എത്തിക്കുമെന്നും പുതിയ സംരംഭകർ ഈ മേഖലയിലേക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നുവെന്നും ഭാവിയിൽ ഇന്ത്യയുടെ സാഹസിക ടൂറിസം ഭൂപടത്തിൽ കേരളത്തിന് ഗണ്യമായ സ്ഥാനം വഹിക്കാൻ കഴിയുമെന്നുമുള്ള വസ്തുത എടുത്തുപറയേണ്ടതാണ്.

28. സാഹസിക ടൂറിസം മേഖലയിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ഈ സമിതിയുടെ നേതൃത്വത്തിൽ 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" തയ്യാറാക്കി സർക്കാർ ഉത്തരവാകുകയും ചെയ്തു എന്നത് വിനോദസഞ്ചാര രംഗത്തെ എടുത്തുപറയത്തക്ക നേട്ടമാണെന്ന് സമിതി വിലയിരുത്തുന്നു. വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടെന്നും സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ മേഖലയിലെ വിദഗ്ദ്ധരും വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങിയ ഒരു കമ്മിറ്റി രണ്ടു വർഷത്തേയ്ക്കാണ് രജിസ്ട്രേഷൻ അനുവദിക്കുക എന്നും സമിതി മനസ്സിലാക്കുന്നു.

29. **സാഹസിക ടൂറിസം മേഖലയിൽ ആവശ്യമുള്ള മാനവവിഭവശേഷി ഉറപ്പുവരുത്തുന്നതിനായി ഒരു "അഡ്വഞ്ചർ ടൂറിസം അക്കാദമി" സ്ഥാപിക്കുന്നതിന് വിനോദ സഞ്ചാരവകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്നും, തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട 4.85 ഹെക്ടർ റവന്യൂ ഭൂമി ഈ അക്കാദമി തുടങ്ങുന്നതിനായി ടൂറിസം വകുപ്പിന് കൈമാറിയതായും അഡ്വഞ്ചർ അക്കാദമി തുടങ്ങുന്നതിനായി**

**ധനകാര്യം, പ്ലാനിംഗ് എന്നീ വകുപ്പുകളുടെ അംഗീകാരം തേടിയിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. രേഖകൾ പരിശോധിച്ച് ധനകാര്യ, പ്ലാനിംഗ് വകുപ്പുകൾ കാലതാമസം കൂടാതെ പ്രസ്തുത നിർദ്ദേശത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

30. വിനോദസഞ്ചാരത്തോടനുബന്ധിച്ച് അപകടങ്ങളുണ്ടാകുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. സാഹസിക ടൂറിസം, ടെന്റ് ടൂറിസം, ഹൈഡൽ ടൂറിസം, പർവ്വതാരോഹണം തുടങ്ങി വിനോദസഞ്ചാര മേഖലകളിലെ അപകടസാധ്യതകൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. **അപകടസാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലൈഫ് ഗാർഡുകളുടെ സേവനവും ജീവൻരക്ഷാ ഉപകരണങ്ങളും ഉറപ്പുവരുത്തുന്നതിനും അപകട മേഖലയാണെന്ന് അറിയിക്കുന്ന ബോർഡുകളും സുരക്ഷാവേലികളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**31. വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മതിയായ പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മുന്നിട്ടു നിൽക്കുമ്പോഴും പൊതുസ്ഥലങ്ങളിലെ ശുചിത്വത്തിന്റെ കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ ടൂറിസം മേഖലയിലും വെല്ലുവിളികൾ ഉയർത്തുന്നു. ഗ്രാമ-നഗര ഭേദമില്ലാതെ ഇന്ന് നമ്മുടെ നാട്ടിൽ മാലിന്യം വർദ്ധിക്കുകയാണ്. പാതയോരങ്ങളിലെ മാലിന്യക്കൂമ്പാരങ്ങളും ദുർഗന്ധവും നമ്മുടെ നാടിന്റെ യശസ്സിനെ പ്രതികൂലമായി ബാധിക്കുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. മുഖ്യആകർഷണ കേന്ദ്രങ്ങളായ ജലസ്രോതസ്സുകളെല്ലാം മലിനമായിക്കൊണ്ടിരിക്കുന്നു. **മാലിന്യ നിർമ്മാർജ്ജനമെന്നത് ഇന്ന് ഏറെ പ്രതിസന്ധി നേരിടുന്ന മേഖലയാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാമുഖ്യം നൽകേണ്ടതും ശാസ്ത്രീയ മാർഗങ്ങൾ കണ്ടെത്തി ആസൂത്രിതമായ മാലിന്യസംസ്കരണ നടപടി സ്വീകരിക്കേണ്ടതുമുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനവും ജാഗ്രതയും പൊതുജന ബോധവത്കരണവും അത്യന്താപേക്ഷിതമാണ്. നിരന്തരമായ പ്രയത്നത്തിലൂടെ ഘട്ടംഘട്ടമായി മാത്രമേ സമ്പൂർണ്ണ മാലിന്യനിർമ്മാർജ്ജനം സാധ്യമാകുകയുള്ളൂ എന്നതിനാൽ ഇതിനായി തുടർച്ചയായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

33. നമ്മുടെ വിനോദസഞ്ചാര മേഖലയിൽ വാട്ടർതീം പാർക്കുകൾക്ക് വലിയ സ്ഥാനമുണ്ട്. വാട്ടർതീം പാർക്കുകളിലെത്തുന്ന ചെറിയ കുട്ടികൾ ഉൾപ്പെടെയുള്ളവർ മണിക്കൂറുകളോളം ജലവുമായി സമ്പർക്കത്തിലേർപ്പെടുന്നതിനാൽ ജലത്തിന് ശുചിത്വമില്ലെങ്കിൽ ത്വക്‌രോഗങ്ങളും മറ്റ് ജലജന്യരോഗങ്ങളും പിടിപെടാനുള്ള സാധ്യതയുണ്ട് എന്ന വസ്തുത ഗൗരവമായി എടുക്കേണ്ടതുണ്ട്.

ആയതിനാൽ **വാട്ടർതീം പാർക്കുകളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും, യഥാസമയം അണുനശീകരണം നടത്തുന്നുണ്ടെന്നും ജലം കൃത്യമായ ഇടവേളകളിൽ മാറ്റുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി കൃത്യമായ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

34. മലിനീകരണ നിയന്ത്രണ ബോർഡിന് സംസ്ഥാനത്തൊട്ടാകെ 16 റീജിയണൽ ലബോറട്ടറികളുണ്ടെങ്കിലും വേണ്ടത്ര ജീവനക്കാരെ നിയമിച്ചിട്ടില്ല എന്നും 2000-നു ശേഷം ബോർഡിൽ നിയമനം നടന്നിട്ടില്ല എന്നും ജീവനക്കാരുടെ അഭാവം മൂലം ചുമതലകൾ യഥാസമയം കാര്യക്ഷമമായി നിറവേറ്റുവാൻ സാധിക്കുന്നില്ല എന്നും ചർച്ചാവേളയിൽ സമിതിക്ക് ബോധ്യമായി. സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണം ഫലപ്രദമാക്കുന്നതിന് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **മലിനീകരണ നിയന്ത്രണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മതിയായ എണ്ണം ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

35. നമ്മുടെ വിനോദസഞ്ചാര മേഖലയുടെ ഒരു പ്രധാന ആകർഷണമാണ് ഹൗസ് ബോട്ടുകൾ. 2010-ൽ നിലവിൽ വന്ന കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് പ്രകാരം ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ആലപ്പുഴ മേഖലയിൽ 1582 രജിസ്റ്റർ ചെയ്ത ഹൗസ് ബോട്ടുകളും മൂന്നൂറോളം രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ് ബോട്ടുകളും പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഹൗസ് ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ തന്നെ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കേണ്ടതുണ്ടെങ്കിലും ബോട്ട് നിർമ്മാണം പൂർത്തിയാകുന്ന ഘട്ടത്തിൽ മാത്രമാണ് ബോട്ടുടമകൾ അനുമതിയ്ക്കായി അപേക്ഷിക്കുന്നതെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചിരുന്നു. ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രജിസ്റ്ററിംഗ് അതോറിറ്റിയായി തുറമുഖ വകുപ്പ് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തുന്നതെന്നും നിലവിൽ ആലപ്പുഴ തുറമുഖ ഓഫീസറാണ് രജിസ്റ്ററിംഗ് അതോറിറ്റിയായി സേവനമനുഷ്ഠിക്കുന്നതെന്നും തെളിവെടുപ്പുവേളയിൽ സമിതി മനസ്സിലാക്കി. **ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷനു വേണ്ടി വിവിധ വകുപ്പുകളിൽ നിന്നായി 9 സർട്ടിഫിക്കറ്റുകൾ ആവശ്യമാണെന്ന് നിരീക്ഷിച്ച സമിതി, രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതിയെ ചുമതലപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.**

36. **പുതിയ ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുമ്പോൾ കൃത്യമായ പരിശോധന നടത്തി മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസുണ്ടെന്നും ബയോടോയ്‌ലറ്റ് സംവിധാനം ഉൾപ്പെടെ ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തണമെന്നും അത്തരം ബോട്ടുകൾക്ക് മാത്രമേ രജിസ്ട്രേഷൻ അനുവദിക്കുവാൻ പാടുള്ളൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.**

37. ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകുമ്പോൾ ബയോടോയ്‌ലറ്റ് ഉണ്ടായിരിക്കണമെന്നും പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കണമെന്നും നിഷ്കർഷിക്കാറുണ്ടെങ്കിലും പ്രസ്തുത നിർദ്ദേശങ്ങൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാ ഹൗസ് ബോട്ടുകളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ബോട്ടുകളിൽ പരിശോധന നടത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **നിശ്ചിത ഇടവേളകളിൽ ഹൗസ് ബോട്ടുകളിൽ പരിശോധന നടത്തി പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കിയിട്ടുണ്ടെന്നും, ബയോടോയ്‌ലെറ്റ് പ്രവർത്തനക്ഷമമാണെന്നും, കെ.ഐ.വി. നിയമപ്രകാരമുള്ള വാർഷിക സർവ്വേ സർട്ടിഫിക്കറ്റുൾപ്പെടെ ഹൗസ് ബോട്ടിന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തി മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്നും നിശ്ചിത സമയത്തിനകം പോരായ്മ പരിഹരിക്കാത്ത ബോട്ടുകളുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**38. പുരവഞ്ചികളിൽ നിശ്ചിത ഇടവേളകളിൽ തുറമുഖവകുപ്പ് നിയമപരമായ പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് ഉന്നത അധികാരികൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

39. ആലപ്പുഴ മേഖലയിൽ രജിസ്ട്രേഷൻ ഇല്ലാത്ത മുന്നൂറോളം ഹൗസ് ബോട്ടുകൾ ഉള്ളതായി തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഹൗസ്ബോട്ടുകളിൽ പലതും സാധാരണ ജനങ്ങളുടെ ജീവിത മാർഗ്ഗമാണെന്ന കാര്യം പരിഗണിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ്ബോട്ടുകൾ പരിശോധിച്ച് അവയിൽ എത്രയെണ്ണത്തിന് രജിസ്ട്രേഷൻ നൽകാൻ സാധിക്കുമെന്ന് കണ്ടെത്തി അർഹതയുള്ളവർക്ക് രജിസ്ട്രേഷൻ നൽകുന്നതിനും മറ്റുള്ളവ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് വിലയിരുത്തി.

40. **വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു അദാലത്ത് സംഘടിപ്പിച്ച്, രജിസ്ട്രേഷൻ ഇല്ലാത്ത ഹൗസ്ബോട്ടുകളുടെ രേഖകൾ പരിശോധിച്ച് ആയതിലെ പോരായ്മകൾ ബോട്ടുടമകൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതും അവ പരിഹരിക്കുവാൻ നിശ്ചിത സമയം അനുവദിച്ചുകൊടുക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബോട്ടുടമ സാമ്പത്തികമായി തീരെ പിന്നോക്കം നിൽക്കുന്നയാളാണെങ്കിൽ കൂടുതൽ സമയം അനുവദിച്ചുകൊടുക്കണമെന്നും സാധാരണക്കാരായ ബോട്ടുടമകൾക്ക് ലൈസൻസ് നേടുന്നതിന് പരമാവധി സഹായം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

41. വേമ്പനാട്ടുകായലിൽ മലിനീകരണം രൂക്ഷമാണെന്ന വസ്തുത അതീവ ഗൗരവതരമാണ്. കായലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സാമ്പിൾ പരിശോധിച്ചതിൽ 11618 MPN/100 ML എന്ന അളവിൽ വരെ കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുള്ളതായി

മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ബാക്ടീരിയയുടെ പരമാവധി പരിധി 500 MPN/100 ML ആണെന്നിരിക്കെ, ഇത് മലിനീകരണത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു. മാനവരാശിയുടെ നിലനിൽപ്പിന്റെ പ്രശ്നം എന്ന നിലയിൽ ജലാശയങ്ങളുടെ മലിനീകരണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **വേമ്പനാട്ടുകായലിലെ ജലമലിനീകരണം കുറയ്ക്കുന്നതിനായി തുടർച്ചയായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കായലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി മലിനീകരണത്തിന്റെ തോത് രേഖപ്പെടുത്തണമെന്നും മലിനീകരണത്തിന്റെ തീവ്രത കുറയ്ക്കുന്നതിനാവശ്യമായ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

42. വേമ്പനാട്ടുകായലിന്റെ മലിനീകരണത്തിന് ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങളും കാരണമാകുന്നുണ്ട്. ബോട്ടുകളിൽനിന്നുള്ള മാലിന്യങ്ങൾ കായലിലേക്ക് പലപ്പോഴും നേരിട്ട് നിക്ഷേപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആലപ്പുഴ കുമരകം ഭാഗത്തെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ആലപ്പുഴ H ബ്ലോക്കിലും കുമരകത്തും രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ ആലപ്പുഴ കുന്നമ്മേൽ എന്ന സ്ഥലത്ത് 2014-15-ലാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിച്ചത്. ഇലക്ട്രോ കൊയാഗുലേഷൻ പ്രക്രിയ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തിയിരുന്ന പ്രസ്തുത പ്ലാന്റിന്റെ ഇലക്ട്രോഡുകൾ പ്രവർത്തന രഹിതമായതിനെ തുടർന്ന് പ്ലാന്റിന്റെ പ്രവർത്തനം നിലച്ചതായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18-ലെ പരിശോധനയിൽ കണ്ടെത്തിയതായും പ്രസ്തുത പ്ലാന്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും സമിതി മനസ്സിലാക്കുന്നു. അടിയന്തര പ്രാധാന്യമുള്ള ഈ പ്രവൃത്തി ഇത്ര കാലത്തിനു ശേഷവും പൂർത്തീകരിക്കാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. **സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ആയതിനാവശ്യമായ തുക അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് നടപടി സ്വീകരിക്കണമെന്നും നവീകരണത്തിനു ശേഷം മലിനീകരണ നിയന്ത്രണ ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീണ്ടും പരിശോധന നടത്തി പ്ലാന്റിന്റെ പ്രവർത്തനം ശരിയായ വിധത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

43. കോട്ടയം ജില്ലയിലെ കുമരകത്ത് ഡി.ടി.പി.സി.യുടെ സ്വീവേജ് ട്രീറ്റ്മെന്റ്പ്ലാന്റ് പ്രവർത്തിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഹൗസ്ബോട്ടുകളിലെ മാലിന്യ നിർമ്മാർജനത്തിനായി KSINCL (Kerala Shipping and Inland Navigation Limited) മുഖേന സ്വീവേജ് കളക്ഷൻ ബാർജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കോട്ടയം ഭാഗത്ത്

പ്രവർത്തിക്കുന്ന എല്ലാ ഹൗസ്ബോട്ടുകളിൽ നിന്നും ആലപ്പുഴ ഭാഗത്തുള്ള കുറച്ച് ഹൗസ്ബോട്ടുകളിൽ നിന്നും ബാർജ് മുഖേന മാലിന്യം ശേഖരിച്ച് കുമരകത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് സംസ്കരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. കോട്ടയം, ആലപ്പുഴ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഹൗസ്ബോട്ടുകളിലെയും മാലിന്യം സംസ്കരിക്കുവാനുള്ള വാഹകശേഷി നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ്പ്ലാന്റുകൾക്ക് ഉണ്ടോ എന്നത് പരിശോധിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. **മാലിന്യനിർമ്മാർജ്ജനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യത്തിന്റെ അളവും നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ വാഹകശേഷിയും പരിശോധിച്ച് ആവശ്യമുള്ള പക്ഷം കൂടുതൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ബോട്ടുകൾക്ക് എത്തിച്ചേരാവുന്ന ദൂരത്തിൽ അവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്നും എങ്കിൽ മാത്രമേ STP കൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെടുന്നു. കുമരകം STP യിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിനായി ആവശ്യമെങ്കിൽ കൂടുതൽ ബാർജുകൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

44. ആലപ്പുഴ H ബ്ലോക്കിൽ കുന്നമ്മേൽ സ്ഥിതി ചെയ്യുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഹൗസ് ബോട്ടുകൾക്ക് എത്തിച്ചേരണമെങ്കിൽ 1½ മണിക്കൂറോളം യാത്ര ചെയ്യേണ്ടതുണ്ട്. ഇത്രയേറെ ദൂരം യാത്ര ചെയ്ത് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ ബോട്ടുടമകൾ തയ്യാറായിക്കൊള്ളണമെന്നില്ല എന്ന് സമിതി കരുതുന്നു. **ആയതിനാൽ പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാകുമ്പോൾ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ആവശ്യാനുസരണം ബാർജുകൾ ഏർപ്പെടുത്തണമെന്നും ബാർജുകൾ മുഖേന എല്ലാ ഹൗസ്ബോട്ടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുഖേന മാലിന്യം നിർമ്മാർജ്ജനം ചെയ്യാതെ നേരിട്ട് കായലിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്ന ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

45. വേമ്പനാട്ടുകായലിന്റെ മലിനീകരണത്തിന് 5-10% വരെ മാത്രമേ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ കാരണമാകുന്നുള്ളൂവെന്നും കായലോരത്തെ ഒട്ടുമിക്ക വീടുകളിലെയും ഹോട്ടലുകളിലെയും മറ്റു വ്യവസായ സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ കായലിലേയ്ക്ക് നിക്ഷേപിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. **വേമ്പനാട് കായലോരത്തെ വീടുകളിലും വ്യവസായ ശാലകളിലും ഹോട്ടലുകളിലും റിസോർട്ടുകളിലും ഖരമാലിന്യ സംസ്കരണത്തിനും മലിനജലം കൈകാര്യം ചെയ്യുന്നതിനും ഫലപ്രദമായ സംവിധാനം നിലവിലുണ്ടോ എന്നും പ്രസ്തുത പ്രദേശങ്ങളിൽ പൊതുവായ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടോ എന്നും**

**പരിശോധിക്കണമെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് മതിയായ സംവിധാനങ്ങളില്ലാത്ത വീടുകളിലും സ്ഥാപനങ്ങളിലും ഇതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകണമെന്നും കൂടാതെ പ്രദേശത്ത് പൊതുവായ മാലിന്യനിർമ്മാർജ്ജനം നടപ്പിൽ വരുത്തുന്നതിനായി അനുയോജ്യമായ പദ്ധതി തയ്യാറാക്കി ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

46. പരിസ്ഥിതി സൗഹൃദമായ ബാഗുകളും പാത്രങ്ങളും ഗ്ലാസ്സുകളും മാത്രം ഹൗസ് ബോട്ടുകളിൽ ഉപയോഗിക്കുക, കുടിവെള്ള സംഭരണത്തിന് പെറ്റ് ബോട്ടിലുകൾക്ക് പകരം വലിയ സംഭരണികൾ (Bulk containers) ഉപയോഗിക്കുക, ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്/തെർമോകോൾ/കടലാസ്സുകൾ, ഗ്ലാസ്സുകൾ, സ്ട്രോ, ക്യാരിബാഗുകൾ, സ്പൂൺ മുതലായവ ഹൗസ് ബോട്ടുകളിൽ ഉപയോഗിക്കാതിരിക്കുക മുതലായ ഉപാധികളോടുകൂടിയാണ് ഹൗസ്ബോട്ടിന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് അനുമതി നൽകുന്നത്. ശാസ്താംകോട്ട തടാകം, വേമ്പനാട്, അഷ്ടമുടി കായലുകൾ എന്നീ റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണം തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 ന്റെ വ്യവസ്ഥകൾ പ്രകാരം തണ്ണീർത്തട അതോറിറ്റിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിസ്ഥിതി വകുപ്പിന്റെ 16-10-2019-ലെ എ 2/162/2019/പരി. നമ്പർ സർക്കുലർ പ്രകാരം (അനുബന്ധം II) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 29-10-2019-ലെ പ്രോജക്ട് ഗ്രീൻ ഗ്രാസുമായി ബന്ധപ്പെട്ട യോഗനടപടിക്കുറിപ്പിലെ തീരുമാനം നമ്പർ 1 പ്രകാരം റംസർ തണ്ണീർത്തടങ്ങളിലും മറ്റ് തണ്ണീർത്തടങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് 1986, തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017 എന്നിവയനുസരിച്ച് നടപടി കൈക്കൊള്ളുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. **തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

47. **വേമ്പനാട്ടുകായലിലെയും ഹൗസ്ബോട്ടുകളിലെയും മാലിന്യനിർമ്മാർജ്ജനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തിയും ശുചിത്വമിഷൻ മുഖേനയും നടത്തിയാൽ കൂടുതൽ കാര്യക്ഷമമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

48. **വിനോദസഞ്ചാര മേഖലകളിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ ധനം വിനോദസഞ്ചാര വകുപ്പിന് മാത്രമായി കണ്ടെത്താൻ**

**സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ തുറമുഖം, തദ്ദേശസ്വയംഭരണം, പരിസ്ഥിതി (മലിനീകരണ നിയന്ത്രണ ബോർഡ്) എന്നീ വകുപ്പുകളെ കൂടി ഉൾപ്പെടുത്തി നാലു വകുപ്പുകളും സംയുക്തമായി ധനവിനിയോഗം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

49. വിനോദസഞ്ചാരകേന്ദ്രങ്ങളെ മാലിന്യമുക്തമായി നിലനിർത്തുന്നതിനായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **കാലഘട്ടത്തിന്റെ അനിവാര്യത എന്ന നിലയിൽ എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കണമെന്നും, ഒരു നിശ്ചിത സമയപരിധി നിശ്ചയിച്ച് ഘട്ടം ഘട്ടമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

50. കോവിഡ് സമയത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള വരുമാനം നിലച്ച സാഹചര്യത്തിൽ ഹൗസ്ബോട്ടുകളുടെ രജിസ്ട്രേഷൻ ഫീസ് കുറച്ചു കൊടുക്കണമെന്ന് ബോട്ടുടമകൾ ആവശ്യപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. **കോവിഡ്-19 ന്റെ പശ്ചാത്തലത്തിലുണ്ടായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഹൗസ്ബോട്ടുടമകളുടെ പ്രസ്തുത ആവശ്യത്തിന്മേൽ അനുഭാവപൂർവ്വം നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

51. ഹൗസ് ബോട്ടുകളിൽ പലപ്പോഴും തീപിടുത്തം ഉണ്ടാകാറുണ്ട്. കായലിലെ ഉൾപ്രദേശങ്ങളിൽ വച്ച് ഹൗസ് ബോട്ടുകളിൽ തീപിടുത്തം ഉണ്ടായാൽ ഉടനടി രക്ഷാപ്രവർത്തനം നടത്തുന്നതിന് സംവിധാനം നിലവിലില്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. തീപിടുത്തം ഉണ്ടായാൽ കായലിലെ കാറ്റ് മൂലം തീ അതിവേഗം പടർന്ന് പിടിക്കുകയും ബോട്ട് പൂർണ്ണമായും കത്തിപ്പോകുകയും ചെയ്യുമെന്നതിനാൽ രക്ഷാപ്രവർത്തനം ദ്രുതഗതിയിൽ നടത്തേണ്ടതുണ്ട്. ആലപ്പുഴയിലുള്ള ഫയർ സ്റ്റേഷനിൽ നിന്നും അഗ്നിശമനത്തിനാവശ്യമായ ഉപകരണങ്ങൾ ബോട്ടിൽ കയറ്റി തീപിടുത്തം ഉണ്ടായ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് താമസം നേരിടുമെന്നതിനാൽ തീപിടുത്തമുണ്ടാകുന്ന ഹൗസ്ബോട്ട് പൂർണ്ണമായും കത്തിനശിക്കുവാനും ആളുകൾക്ക് ജീവഹാനി സംഭവിക്കുവാനും സാധ്യതയുണ്ട്. ഇത് ഗൗരവമായി വീക്ഷിക്കേണ്ട ഒരു വിഷയമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആലപ്പുഴ- കുമരകം മേഖലയിൽ ആയിരത്തഞ്ഞൂറോളം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നതിനാൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി **ബോട്ടുകളിൽ തീപിടുത്തമോ മറ്റ് അപകടമോ ഉണ്ടായാൽ വേഗത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്ന വിധത്തിൽ രക്ഷാപ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങളും ഉദ്യോഗസ്ഥരും അടങ്ങിയ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഫ്ലോട്ടിംഗ് സ്റ്റേഷൻ ആലപ്പുഴ-കുമരകം മേഖല കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

52. വിനോദസഞ്ചാര പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഹോംസ്റ്റേകൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. ഹോംസ്റ്റേകൾ പ്രാദേശിക സമൂഹത്തിന് വരുമാനം നേടിക്കൊടുക്കുന്നതോടൊപ്പം സഞ്ചാരികൾക്കു കൂടുതൽ സൗകര്യപ്രദവുമാകാറുണ്ട്. 600 ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷൻ പൂർത്തിയായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. **എല്ലാ ഹോംസ്റ്റേകളും നിയമപരമായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും ഹോംസ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

53. ഹോംസ്റ്റേകളും റിസോർട്ടുകളും വിനോദസഞ്ചാരികളിൽ നിന്നും അമിത വാടക ഈടാക്കുന്നില്ല എന്നും അവരെ ചൂഷണം ചെയ്യുന്നില്ലെന്നും ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ സുരക്ഷയും ഭക്ഷണത്തിന്റെ ഗുണനിലവാരവും പരിശോധിക്കപ്പെടേണ്ടതാണെന്നും സമിതി കരുതുന്നു. **ആയതിനാൽ സ്വകാര്യ സംരംഭകരോട് പാക്കേജ് റേറ്റ് പ്രസിദ്ധപ്പെടുത്തുവാൻ നിർദ്ദേശിക്കണമെന്നും ഹോംസ്റ്റേകളിലും ഹോട്ടലുകളിലും റിസോർട്ടുകളിലും സുരക്ഷിതത്വം, ശുചിത്വം, ഭക്ഷണത്തിന്റെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം, ഭക്ഷ്യസുരക്ഷ, ആരോഗ്യം എന്നീ വകുപ്പുകൾ ചേർന്ന് സംവിധാനമൊരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

54. നമ്മുടെ നാടിന്റെ ആകർഷണീയതയും പ്രകൃതി ഭംഗിയും പോലെ സഞ്ചാരികളോടുള്ള പ്രദേശവാസികളുടെ സമീപനവും പ്രധാനമാണ്. വിനോദ സഞ്ചാരികളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതോടൊപ്പം അവരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കേണ്ടതുമാണ്. ഹോംസ്റ്റേ നടത്തുന്നയാളുകൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) മുഖേന രണ്ടു ഘട്ടമായി ട്രെയിനിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിൽ ഒന്നാം ഘട്ടം നടപ്പാക്കിയിട്ടുണ്ടെന്നും ചർച്ചയിലൂടെ സമിതി മനസ്സിലാക്കുന്നു. **എന്നാൽ ഹോംസ്റ്റേ ജീവനക്കാർക്ക് മാത്രമല്ല, വിനോദസഞ്ചാര രംഗവുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും പരിശീലനം ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി വിനോദ സഞ്ചാരത്തിന് പ്രാധാന്യമുള്ള മേഖലകളിലെ ജനങ്ങൾ, ഓട്ടോ/ ടാക്സി ഡ്രൈവർമാർ, ഹോംസ്റ്റേ ഉടമകൾ, ഹോട്ടൽ ജീവനക്കാർ, ഗൈഡുകൾ തുടങ്ങിയവർക്ക് വേണ്ടവിധത്തിലുള്ള അവബോധം നൽകുന്നതിനും സഞ്ചാരികളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

55. കോവിഡ് പ്രതിസന്ധി ഏറെ തളർത്തിയ മേഖലകളിലൊന്നാണ് വിനോദ സഞ്ചാരം. ആയിരക്കണക്കിന് തൊഴിലാളികളുടെയും സംരംഭകരുടെയും വരുമാനം കോവിഡ് പശ്ചാത്തലത്തിൽ ഇല്ലാതായി. കോവിഡാനന്തര കാലത്ത് ആഭ്യന്തര ടൂറിസത്തിന് ഏറെ പ്രാധാന്യം ഉണ്ടാകുമെന്നതിനാൽ ആഭ്യന്തര ടൂറിസം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. **യാത്രകൾക്കായി നാം ചെലവിടുന്ന തുക നമ്മുടെ നാടിന്റെ**

**വികസന പ്രക്രിയയുടെ ഭാഗമാകുമെന്നതിനാൽ ആഭ്യന്തര ടൂറിസത്തിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രത്യേക പാക്കേജുകൾ ഏർപ്പെടുത്തണമെന്നും ആഭ്യന്തര ടൂറിസത്തിന് ആവശ്യമായ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

56. കോവിഡ് പശ്ചാത്തലത്തിൽ വിനോദസഞ്ചാര അനുബന്ധ മേഖലകളിൽ ഉപജീവനം നടത്തിക്കൊണ്ടിരുന്ന ഭൂരിഭാഗം ജനങ്ങൾക്കും തൊഴിലും വരുമാനവും നഷ്ടപ്പെട്ടുമൂലം നിത്യച്ചെലവിനു പോലും വരുമാനം ലഭിക്കാത്ത സാഹചര്യമായിരുന്നു. **ഇപ്പോൾ വിനോദസഞ്ചാരമേഖല വീണ്ടും സജീവമായി തുടങ്ങിയെങ്കിലും മതിയായ വരുമാനം ലഭ്യമായിത്തുടങ്ങിയിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട വായ്പകളുടെ തിരിച്ചടവിന് മതിയായ സാവകാശം അനുവദിക്കണമെന്നും പലിശയിളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

57. വിദേശ വിപണിയിൽ കേരളത്തിന്റെ പാരമ്പര്യ ആയുർവേദ ചികിത്സയ്ക്ക് ഏറെ സ്വീകാര്യത നേടുവാൻ സാധിച്ചിട്ടുണ്ട്. കോവിഡിനുശേഷം വിനോദസഞ്ചാര മേഖല സജീവമാകുമ്പോൾ ആയുർവേദ ചികിത്സയ്ക്കായി ഇവിടേയ്ക്ക് വരുന്ന വിദേശികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. കോവിഡാനന്തര ചികിത്സയ്ക്ക് പ്രാധാന്യം നൽകി പലരും പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. **കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുവാനുള്ള മുഖ്യഘടകമാകുവാൻ ആയുർവേദ ടൂറിസത്തിന് സാധിക്കുമെന്നതിനാൽ ഇതിനായി കൂടുതൽ പരസ്യ പ്രചരണങ്ങൾ നൽകണമെന്നും ആയുർവേദ ചികിത്സയ്ക്കൊപ്പം ടൂറിസവും സാധ്യമാകുന്ന വിധത്തിൽ പാക്കേജുകൾ ഏർപ്പെടുത്തണമെന്നും ഇത്തരത്തിൽ പാക്കേജ് ഏർപ്പെടുത്തുന്ന സെന്ററുകൾ നിയമപരമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

58. സമസ്ത മേഖലകളിലും പ്രതിസന്ധി സൃഷ്ടിച്ച കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖലയ്ക്ക് കനത്ത ആഘാതമാണേറ്റത്. അതുമൂലം നമ്മുടെ സമ്പദ് വ്യവസ്ഥക്കുണ്ടായ തകർച്ചയും വളരെ വലുതാണ്. മഹാമാരിയുടെ കാഠിന്യം കുറയുന്നതോടെ വിനോദസഞ്ചാര മേഖല വീണ്ടും സജീവമാകുമെന്നു സമിതി കരുതുന്നു. ഏറെ താമസിയാതെ ജനങ്ങൾ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുവരുമെന്നും നമ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ പഴയ പ്രതാപം വീണ്ടെടുക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 മാർച്ച് 17.